**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം വകുപ്പ് സോഷ്യൽ മീഡിയ വഴി നടത്തുന്ന നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ നടപ്പിലാക്കി വരുന്ന നവീനവും ആകർഷകവുമായ വിവിധ പദ്ധതികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തിന് 2021 മുതൽ 2025 വരെ ദേശീയ-അന്തർ ദേശീയ തലത്തിൽ, ടൂറിസം മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>Responsible Tourism Project, 2021<br><br>NitiAayog 1st Place in SDG development index. – 2020-21<br><br>Global Vision Award -2022<br><br>Booking.com Travel review award- 2022<br><br>World Travel Mart Responsible Tourism Awards-2021<br><br>Category: Increasing Diversity in Tourism One to Watch<br><br>Recipient: Aymanam- Model RT Village- Responsible Tourism Mission Kerala<br><br>Travel + Leisure Global Vision Award 2022<br><br>Recipient: Responsible Tourism Mission Kerala<br><br>Aymanam Model RT Village is listed as one of the must watch destination in 2022.<br><br>Gold Awards by ICRT International on September 2022 – Destination Building Back Better- Post Covid<br><br>Gold Awards by ICRT International on September 2022 – Increasing Diversity in |

Tourism- How Inclusive is our Industry'?

Gold Awards by ICRT International on September 2022 - Reducing Plastic Waste in the Environment

Gold Awards by ICRT International on September 2022 – Conserving Water and improving water scarcity & supply 'for neighbours

WTM —GLOBAL RT AWARDS 2022

Category: Conserving Water and improving water scarcity & supply — for neighbours

Recipient Water Street by RT Mission.

WTM Global Award for Best Local Sourcing Craft & Food

ICRT India Gold Award - 2023

Responsible Tourism Global Award - 2023 - Best for Local Sourcing Craft Food - 2023

ICRT India and Subcontinent Gold Award — 2024 (for Beypore Integrated RT Development Project)

Category: Employing and Upskiling Local Communities

**National Award**

1. Indian Responsible Tourism Awards 2021

Category: Best Future Forward State

2. Best Tourism Village Gold Award 2023 - Kanthalloor STREET Project.

3. Best Tourism Village Award 2024 — Kumarakom has been selected in the

Best Agri Tourism Village category.

4. Best Tourism Village Award 2024 - Kadalundi has been selected in the

Best Responsible Tourism Village category.

| | | | |
|---|---|---|---|
| | | | **Golden City Gate Awards 2025 at ITB Berlin** -<br><br>Silver Star in Campaign International category for the ’Come Together in Kerala’<br><br>Excellent Award in the Music International category for ‘Shubha Mangalyam – Weddings in Kerala’<br><br>**PATA Gold Awards 2025**<br><br>Most Engaging Social Media Campaign for Meme-led Makeover Campaign |
| (ബി) | ടൂറിസം വകുപ്പ് സോഷ്യൽ മീഡിയ വഴി നടത്തുന്ന നൂതനമായ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിംഗിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യു ട്യൂബ്, ടിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ് ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും, സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി Its Kerala Season, The State of Happiness, Love is in the Air തുടങ്ങിയ സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. What’s App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും പുറത്തിറക്കിയിട്ടുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ് സൈറ്റിൽ വീഡിയോ, ഇ-ബുക്ക് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഈ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് |

| | | | |
|---|---|---|---|
| | | | ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു. |
| (സി) | കേരള ടൂറിസത്തിന് സോഷ്യൽ മീഡിയ ക്യാമ്പയിനുള്ള അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം ലഭ്യമായതെന്ന് അറിയിക്കാമോ; | (സി) | ലഭിച്ചിട്ടുണ്ട്.<br><br>വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുകളിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള സഞ്ചാരികളിലേക്ക് എത്തിച്ചേരുവാനും കേരളത്തിന്റെ മനോഹാരിതയും വൈവിധ്യവും വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനും വിനോദ സഞ്ചാരികളുമായി നേരിട്ട് സംവദിക്കാനും വിവരങ്ങൾ നൽകുവാനും വിനോദസഞ്ചാരികളുടെ താൽപ്പര്യങ്ങൾ മനസിലാക്കി വിപണനതന്ത്രങ്ങൾ മെച്ചപ്പെടുത്തുവാനും ഗുണകരമാകുന്നു. വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങളിലൂടെ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിക്കുകയും, ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർസ് തുടങ്ങിയ വ്യവസായ മേഖലകളിൽ കൂടുതൽ സാമ്പത്തിക നേട്ടവും, തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം പ്രോത്സാഹനത്തിനും ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയാണ്. ഈ വർഷം വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയ നൂതന ഡിജിറ്റൽ മാർക്കറ്റിംഗ് ക്യാമ്പയിനുള്ള 2024-ലെ PATA ഗോൾഡ് അവാർഡും, ITB Berlin 2025-ലെ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡുകളും കേരള ടൂറിസത്തിന്റെ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങളുടെ ഫലപ്രാപ്തി ചൂണ്ടിക്കാണിക്കുന്നു. |
| (ഡി) | വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും |

വരുന്നു. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർദ്ധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഈ പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാണെന്ന് കാണുന്നു.

അതോടൊപ്പം മിഡിൽ ഈസ്റ്റിൽ നിന്നും യൂറോപ്പിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, What's App Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.അതോടൊപ്പം നിലവിൽ കേരളത്തിലേക്ക് അത്രയധികം സഞ്ചാരികൾ എത്തിച്ചേർന്നിട്ടില്ലാത്ത രാജ്യങ്ങളിൽ നിന്നും സഞ്ചാരികളെ എത്തിക്കാൻ ഉതകുന്ന Look East Policy നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ കൂടുതൽ വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിനുകൾ ആവിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ സട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ് , കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, എക്സ് പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ,സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ടൂറിസ്റ്റുകളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ ഉത്സവങ്ങളും ആഘോഷങ്ങളും ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിന് വേണ്ടി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കൾച്ചറൽ എക്സ് പീരിയൻസ് പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാട്ടിൽ നടക്കുന്ന ഉത്സവങ്ങളെയും ആഘോഷങ്ങളെയും ലിസ്റ്റ് ചെയ്യുകയും ടൂറിസ്റ്റുകളെ ഇവ നടക്കുന്ന സമയങ്ങളിൽ അവിടെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ

| | | | |
|---|---|---|---|
| | | | സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ വർഷം ഓണക്കാലത്ത് ആഗോള ഉത്തരവാദിത്ത ടൂറിസം സംഘത്തെ കേരളത്തിൽ എത്തിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ